# ഏഴാമത് ഇന്ത്യൻ മഹാസമുദ്ര സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ ഓസ്‌ട്രേലിയയിലെ പെർത്ത് സന്ദർശിക്കും

ഫെബ്രുവരി 8, 2024

ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ രാജ്യങ്ങളുടെ പ്രധാനപ്പെട്ട സംഭാഷണ വേദിയാണ് ഇന്ത്യൻ മഹാസമുദ്ര സമ്മേളനം. ഇന്ത്യ ഫൗണ്ടേഷനുമായി സഹകരിച്ച് വിദേശകാര്യ മന്ത്രാലയമാണ് എല്ലാ വർഷവും ഇത് സംഘടിപ്പിക്കുന്നത്.

2. ഇന്ത്യൻ ഓഷ്യൻ കോൺഫറൻസിന്റെ ഏഴാം പതിപ്പ് ഓസ്‌ട്രേലിയയിലെ പെർത്തിൽ 2024 ഫെബ്രുവരി 9-10 തീയതികളിൽ നടക്കും. ഓസ്‌ട്രേലിയൻ വിദേശകാര്യ, വ്യാപാര വകുപ്പ്, എസ്. രാജരത്നം സ്കൂൾ ഓഫ് ഇന്റർനാഷണൽ സ്റ്റഡീസ്, സിംഗപ്പൂർ-പെർത്ത് യുഎസ് ഏഷ്യ സെന്റർ എന്നിവരുടെ സഹകരണത്തോടെയാണ് സമ്മേളനം സംഘടിപ്പിച്ചിട്ടുള്ളത്. "ഉറപ്പുള്ളതും സുസ്ഥിരവുമായ ഇന്ത്യൻ മഹാസമുദ്രം സൃഷ്ടിക്കുക" എന്നതാണ് സമ്മേളനത്തിന്റെ ഇത്തവണത്തെ പ്രമേയം.

3. സമ്മേളനത്തിന്റെ ഉദ്ഘാടന സെഷനിൽ വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ സംസാരിക്കും. ശ്രീലങ്കൻ പ്രസിഡന്റ് ശ്രീ. റെനിൽ വിക്രമസിംഗെ, ഓസ്‌ട്രേലിയൻ വിദേശകാര്യ മന്ത്രി ശ്രീമതി. പെന്നി വോംഗ്, സിംഗപ്പൂർ വിദേശകാര്യ മന്ത്രി വിവിയൻ ബാലകൃഷ്ണൻ എന്നിവരും സമ്മേളനത്തിൽ സംസാരിക്കും.

4. ഏഴാമത് ഇന്ത്യൻ മഹാസമുദ്ര സമ്മേളനത്തിൽ 22-ൽ അധികം രാജ്യങ്ങളിൽ നിന്നുള്ള മന്ത്രിമാർ നയിക്കുന്ന പ്രതിനിധി സംഘവും 16 രാജ്യങ്ങളിലെ ബഹുവിധ സംഘടനകളിൽ നിന്നുമുള്ള മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുക്കും. 400-ൽ അധികം സാമൂഹ്യ, കോർപ്പറേറ്റ് തലവന്മാരും ഏതാണ്ട് 40 രാജ്യങ്ങളിൽ നിന്നുള്ള നയരൂപീകരണ വിദഗ്ധരും പണ്ഡിതരും പ്രൊഫഷണലുകളും മാധ്യമ പ്രവർത്തകരും സമ്മേളനത്തിൽ സംബന്ധിക്കും.

5. 2016-ൽ സിംഗപ്പൂരിൽ തുടക്കം കുറിച്ചതു മുതൽ, മേഖലയിലെ എല്ലാവരുടെയും സുരക്ഷയ്ക്കും വളർച്ചയ്ക്കുമായുള്ള (സാഗർ)

പ്രാദേശിക സഹകരണത്തിന്റെ സാധ്യതകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി മേഖലയിലെ പ്രധാനപ്പെട്ട രാജ്യങ്ങളെയും പ്രധാന സമുദ്ര പങ്കാളികളെയും ഒരു പൊതു വേദിയിൽ കൊണ്ടുവരുന്നതിൽ ഇന്ത്യൻ മഹാസമുദ്ര സമ്മേളനം സുപ്രധാന പങ്കുവഹിക്കുന്നു.

6. സമ്മേളനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക: https://indiafoundation.in/if_events/7th-indian-ocean-conference-2024/

**ന്യൂഡൽഹി**
**ഫെബ്രുവരി 8, 2024**